

ഈ പ്രപഞ്ചത്തിൽ പല ദൈവങ്ങൾ വാഴുന്നുണ്ടെങ്കിൽ അവരിലെ മുഖ്യദൈവം തന്റെ അധികാരാവകാശങ്ങളിൽ മറ്റുള്ളവരുടെ പങ്കാളിത്തം സമ്മതിച്ചുകൊടുക്കാൻ ഇഷ്ടപ്പെടുകയില്ല. അഥവാ ഏതെങ്കിലും താൽക്കാലിക താൽപര്യത്തിനുവേണ്ടി അത് ഇഷ്ടപ്പെട്ടുവെന്ന് സങ്കൽപിച്ചാൽ തന്നെ എന്നെങ്കിലുമൊരു നാൾ അവൻ അപ്രീതനായി അവരെയെല്ലാം തകർത്തുകളയാതിരിക്കുകയില്ല.

## ഖുർആൻ ബോധനം

എ.വൈ.ആർ

### സൂറ – 21

# അൽഅമ്പിയാഅ്

59. തിരിച്ചെത്തിയ ജനം വിഗ്രഹങ്ങളുടെ ദുരന്തം കണ്ട് വിളിച്ചോതി: നമ്മുടെ ദൈവങ്ങളോടിതു ചെയ്തവനാര്?! തീർച്ചയായും അവൻ മഹാ അക്രമി തന്നെ.

قَالُوا مَن فَعَلَ هَٰذَا بِآلِهَتِنَا إِنَّهُ لَمِنَ الظَّالِمِينَ ﴿٥٩﴾

60. ചിലർ മൊഴി കൊടുത്തു: ഇബ്റാഹീം എന്നു വിളിക്കപ്പെടുന്ന ഒരു യുവാവ് ഇവരെ വിമർശിക്കുന്നത് ഞങ്ങൾ കേട്ടിരിക്കുന്നു.

قَالُوا سَمِعْنَا فَتًى يَذْكُرُهُمْ يُقَالُ لَهُ إِبْرَاهِيمُ ﴿٦٠﴾

61. അവർ കൽപിച്ചു: എങ്കിൽ അവനെ ബഹുജനസമക്ഷം കൊണ്ടുവരിൻ; അവർ കാണട്ടെ.

قَالُوا فَأْتُوا بِهِ عَلَىٰ أَعْيُنِ النَّاسِ لَعَلَّهُمْ يَشْهَدُونَ ﴿٦١﴾

62. അദ്ദേഹം ഹാജരാക്കപ്പെട്ടപ്പോൾ അവർ ചോദിച്ചു: നീയാണോ നമ്മുടെ ദൈവങ്ങളോടിതു ചെയ്തത്, ഹേ ഇബ്റാഹീം?

قَالُوا أَأَنتَ فَعَلْتَ هَٰذَا بِآلِهَتِنَا يَا إِبْرَاهِيمُ ﴿٦٢﴾

63. ഇബ്റാഹീം പ്രസ്താവിച്ചു: അല്ല; ഇവരുടെ ഈ പെരിയവനാകും ഇതു ചെയ്തത്. അവരോടു തന്നെ ചോദിച്ചുനോക്കൂ; അവ സംസാരിക്കുമെങ്കിൽ.

قَالَ بَلْ فَعَلَهُ كَبِيرُهُمْ هَٰذَا فَاسْأَلُوهُمْ إِن كَانُوا يَنطِقُونَ ﴿٦٣﴾

**59**

قَالُوا= അവർ പറഞ്ഞു(തിരിച്ചെത്തിയ ജനം വിഗ്രഹങ്ങളുടെ ദുരന്തം കണ്ട് വിളിച്ചോതി)

مَن فَعَلَ هَٰذَا= ഇതു ചെയ്തവനാര് بِآلِهَتِنَا= നമ്മുടെ ദൈവങ്ങളോട് إِنَّهُ= തീർച്ചയായും അവൻ

لَمِنَ الظَّالِمِينَ= അക്രമികളിൽ പെട്ടവൻ തന്നെയാകുന്നു

**ഈ** സൂക്തത്തിന്റെ ആദ്യ വാക്യം പ്രകാശിപ്പിക്കുന്നത് ജനത്തിന്റെ വിഭ്രാന്തിയും വിഹ്വലതയുമാണ്. രണ്ടാം വാക്യത്തിൽ രോഷവും. തങ്ങൾ ഭക്തിപൂർവം പൂജിച്ചുവന്ന ദൈവങ്ങളിതാ തച്ചുടക്കപ്പെട്ട് കഷ്ണങ്ങളായി മണ്ണിൽ ചിതറിക്കിടക്കുന്നു. ആരായിരിക്കും ഈ മഹാപാതകത്തിന് ധാർഷ്ട്യം കാണിച്ചത്? നാട്ടിനും നാട്ടാർക്കും അതു മൂലമുണ്ടാവാനിരിക്കുന്ന വിപത്തുകളെന്തൊക്കെയായിരിക്കും?! ഒപ്പം ഇതു ചെയ്തവരോടുള്ള രോഷവും ജ്വലിച്ചു. അവരാരായാലും ദൈവങ്ങളെ നിന്ദിക്കാനും നാടിനെ നശിപ്പിക്കാനും ഒരുമ്പെട്ടവനും മാപ്പർഹിക്കാത്ത ധിക്കാരിയും കൊടുംകുറ്റവാളിയുമാണ്. അയാളെ കണ്ടെത്തി അർഹിക്കുന്ന ശിക്ഷ നൽകുക തന്നെ വേണം. ഇതായിരുന്നു പൊതു അഭിപ്രായം. ■

**60**

ഒരു യുവാവിനെ =فَتًى ഞങ്ങൾ കേട്ടിരിക്കുന്നു =سَمِعْنَا അവർ പറഞ്ഞു(ചിലർ മൊഴി കൊടുത്തു) =قَالُوا۟

അവനെ =لَهُۥ വിളിക്കപ്പെടുന്നു(ന്ന) =يُقَالُ അവരെ(വിമർശിക്കുന്നത്) പറയുന്നത്, സ്മരിക്കുന്നത് =يَذْكُرُهُمْ

ഇബ്റാഹീം എന്ന് =إِبْرَٰهِيمُ

ഒടുവിൽ നേരത്തെ ഇബ്റാഹീ(അ)മിന്റെ വിഗ്രഹ വിമർശനം കേട്ടിട്ടുള്ള ചിലർ അദ്ദേഹത്തിനെതിരെ മൊഴി കൊടുത്തു. ഇബ്റാഹീം എന്ന് പേരുള്ള ഒരു ചെറുപ്പക്കാരൻ നമ്മുടെ ദൈവങ്ങളെ വിമർശിച്ചു സംസാരിക്കുന്നത് കേട്ടിട്ടുണ്ട്. ഈ കൊടുംപാതകം ചെയ്തത് അവൻ തന്നെയായിരിക്കണം. അവനല്ലാതെ മറ്റാരും ഈ നാട്ടിൽ വിഗ്രഹാരാധനയിൽ വിരക്തനാവുകയോ ദൈവനിന്ദ നടത്തുകയോ ചെയ്തതായി അറിവില്ലാത്തതിനാൽ അവനെത്തന്നെയാണ് ഇക്കാര്യത്തിൽ ആദ്യം വിചാരണ ചെയ്യേണ്ടത്.

ഇബ്റാഹീം(അ)ന്റെ വിഗ്രഹ വിമർശനവും ഭഞ്ജന ഭീഷണിയും രഹസ്യമായിരുന്നില്ല. അദ്ദേഹത്തിന്റെ ചുറ്റുമുള്ളവർ അത് ശരിക്കും കേട്ടിരുന്നതാണ്. എങ്കിലും ഒരു ചെറുപ്പക്കാരൻ അവിവേകം കൊണ്ട് വിളിച്ചുപറയുന്ന വിടുവായത്തമായേ അവരതു കേട്ടിരുന്നുള്ളൂ. വിഗ്രഹങ്ങൾ തച്ചുടക്കുക പോലുള്ള കൈവിട്ട കളിയിലേക്ക് അതു പുരോഗമിക്കുമെന്ന് അവർ കരുതിയിരുന്നില്ല. അവരെ സംബന്ധിച്ചേടത്തോളം ആരിൽ നിന്നായാലും അത്തരമൊരു നടപടി അചിന്ത്യമായിരുന്നു. അതുകൊണ്ടാണ് വിഗ്രഹാലയം സംരക്ഷിക്കാൻ പ്രത്യേക ഏർപ്പാടുകളൊന്നും ചെയ്യാതെ അവർ പിരിഞ്ഞു പോയത്.

അവനെ ഇബ്റാഹീം എന്നുപറയപ്പെടുന്നു- يُقَالُ لَهُۥٓ إِبْرَٰهِيمُ -എന്ന വാക്യത്തിന്റെ താൽപര്യമിതാണ്: അന്ന് ഇബ്റാഹീം(അ) ആ സമൂഹത്തിൽ അത്ര പ്രസിദ്ധനായിരുന്നില്ല. വ്യക്തിപരമായി സമൂഹത്തിന്റെ വിവിധ തട്ടുകളിൽ ശ്രദ്ധിക്കപ്പെട്ടിരുന്നുമില്ല. ഇബ്റാഹീമിന്റെ വിമർശനങ്ങൾ കേട്ടവർ പോലും അത് ഗൗരവത്തിലെടുത്തിരുന്നില്ല. ഇബ്റാഹീം എന്നു പറയുന്ന, നിലയും വിലയുമില്ലാത്ത ഒരു ചെറുപ്പക്കാരനാണവൻ. ആളുകളെ നിസ്സാരവൽക്കരിച്ചുകൊണ്ട് 'ആ കോമൻ/കോമു എന്നുപറയുന്നവൻ' എന്നൊക്കെ നമ്മുടെ ഭാഷയിലും പറയാറുണ്ടല്ലോ. ■

**61**

(എങ്കിൽ) അവനെ കൊണ്ടുവരുവിൻ =فَأْتُوا۟ بِهِۦ അവർ പറഞ്ഞു(കൽപിച്ചു) =قَالُوا۟

അവർ സാക്ഷ്യം വഹിക്കാൻ(കാണട്ടെ) =لَعَلَّهُمْ يَشْهَدُونَ ജന(സമക്ഷം)ത്തിന്റെ കണ്ണിന്മേൽ =عَلَىٰٓ أَعْيُنِ ٱلنَّاسِ

ഇവിടെ, അവനെ കൊണ്ടുവരിൻ എന്നു കൽപിക്കുന്നത് ജനക്കൂട്ടമാവാം. അല്ലെങ്കിൽ അവരുടെ പരാതി പ്രകാരം, അന്ന് ആ നാടുഭരിച്ചിരുന്ന നിംറോദ് രാജാവും അയാളുടെ പ്രമാണിമാരുമാവാം. വ്യാഖ്യാതാക്കൾ രണ്ടുവിധത്തിലും വ്യാഖ്യാനിച്ചിട്ടുണ്ട്. ജനക്കൂട്ടം തന്നെയാണ് വക്താക്കളെങ്കിൽ അവരുടെ ആവശ്യം ഇതാണ്: ദൈവനിന്ദകനായ ആ കുലദ്രോഹിയെ ജനങ്ങൾക്കുമുമ്പിൽ പിടിച്ചുകൊണ്ടുവരണം. ബഹുജനം അവനെയൊന്നു കാണട്ടെ. ബഹുജനസമക്ഷം തന്നെ വിചാരണ ചെയ്യുകയും വേണം. എല്ലാറ്റിനും ജനങ്ങൾ സാക്ഷികളാകട്ടെ. അവരുടെ ദൃഷ്ടിയിൽ അതീവ ഗുരുതരവും നികൃഷ്ടവുമായ കുറ്റമാണ് ഇബ്റാഹീം ചെയ്തിരിക്കുന്നത്. മതാചാര പ്രകാരം അതിന്റെ ശിക്ഷയും കൊടിയതാണ്. അതു പരസ്യമായി നടത്തുന്നത് മറ്റുള്ളവർക്ക് പാഠമാകും. അക്കാലത്ത് മതവിഷയങ്ങളിൽ വിധി പുറപ്പെടുവിച്ചിരുന്നത് മതാചാര്യന്മാരും പുരോഹിതന്മാരുമായിരുന്നു. സർക്കാർ (ഉണ്ടെങ്കിൽ) പുരോഹിത വിധികൾ നടപ്പിലാക്കാൻ ബാധ്യസ്ഥരായിരുന്നു.

കൽപന രാജാവിന്റെയും പ്രമാണിമാരുടേതുമായിരുന്നുവെന്ന അഭിപ്രായവും പ്രബലമാണ്. അക്കാലത്ത് ഇറാഖ് പ്രദേശം ഭരിച്ച ശക്തനായ രാജാവായിരുന്നു നിംറോദ്. അയാളുടെ തലസ്ഥാന നഗരിയിലാണ് സംഭവം നടക്കുന്നത്. ഇത്ര ഗുരുതരമായ ഒരു കുറ്റം നടന്നിട്ട് രാജാവറിയാതെ പ്രതിയെ വിചാരണ ചെയ്യുകയും പുരോഹിതന്മാർ സ്വന്തം നിലയിൽ ചുട്ടുകൊല്ലുക പോലുള്ള വിധി പുറപ്പെടുവിക്കുകയും നടപ്പാക്കുകയും ചെയ്യുക ഒട്ടും സ്വാഭാവികമല്ല. കൂടാതെ, സൂറഃ *അൽബഖറ* 258-ാം സൂക്തം ഉദ്ധരിക്കുന്ന ഇബ്റാഹീം-നിംറോദ് സംവാദം ഈ വിചാരണയുടെ ഭാഗമായിരിക്കാനാണ് സാധ്യത. ഈ സംഭവത്തിനു മുമ്പായിരുന്നു ആ സംവാദമെങ്കിൽ അന്നു തന്നെ ഇബ്റാഹീം(അ)ന്റെ കഥ കഴിയേണ്ടതായിരുന്നു. അഗ്നിപരീക്ഷക്കു ശേഷമാകട്ടെ, അദ്ദേഹം നാട്ടിൽനിന്നു പലായനം ചെയ്യുകയാണല്ലോ ഉണ്ടായത്. ■

**62,63**

നീയാണോ ഇതു ചെയ്തത് =ءَأَنتَ فَعَلْتَ هَٰذَا അവർ പറഞ്ഞു(ജനം ചോദിച്ചു) =قَالُوٓا۟

അദ്ദേഹം പറഞ്ഞു =قَالَ ഹേ, ഇബ്റാഹീമേ, =يَٰٓإِبْرَٰهِيمُ ഞങ്ങളുടെ ദൈവങ്ങളോട് =بِـَٔالِهَتِنَا

അവരുടെ ഈ പെരിയവനാകുന്നു =كَبِيرُهُمْ هَٰذَا അല്ല അതു ചെയ്തു(തത്) =بَلْ فَعَلَهُۥ

അവർ സംസാരിക്കു(മെങ്കിൽ)ന്നവരാണെങ്കിൽ =إِن كَانُوا۟ يَنطِقُونَ അവരോടു (തന്നെ) ചോദിച്ചുനോക്കൂ =فَسْـَٔلُوهُمْ

മുൻചൊന്ന കൽപന പ്രകാരം ഇബ്റാഹീ(അ)മിനെ പിടികൂടി ജനസമക്ഷം കൊണ്ടുവന്ന് രാജാവിന്റെ അല്ലെങ്കിൽ മതമേധാവികളുടെ കോടതിയിൽ ഹാജരാക്കി. 'ഞങ്ങളുടെ ദൈവങ്ങളെ തച്ചുടക്കുക എന്ന മഹാപാതകം ചെയ്തത് നീയാണോ' എന്ന കോടതിയുടെ ചോദ്യത്തിന് ഇബ്റാഹീം(അ) നൽകിയ മറുപടി വളരെ തന്ത്രപരവും ഫലിതശൈലിയിലുള്ളതുമാ

യിരുന്നു: 'ഈ വിക്രിയ ചെയ്തതാരാണെന്ന് ആ മഹാദേവന്നറിയാം. അതിന്റെ മുന്നിലാണല്ലോ സംഭവം നടന്നത്. അതെക്കുറിച്ച് എന്നോടു ചോദിക്കുന്നതെന്തിനാണ്? ഈ ദൈവങ്ങൾ സംസാര ശേഷിയുള്ളവരാണെങ്കിൽ അവരോടു ചോദിച്ചുനോക്കൂ. നിങ്ങളുടെ ദൈവങ്ങൾ എന്റെ ഏകദൈവത്തെപ്പോലെ സൃഷ്ടികൾക്ക് നേരിൽ കാണാനും സംസാരിക്കാനുമാവാത്ത പദാർഥാതീതരും അഗോചരരുമല്ലല്ലോ. അവരെ നിങ്ങൾ നേരിൽ കാണുന്നു, അവരോട് സംസാരിക്കുന്നു, നിങ്ങളുടെ പ്രാർഥന കേട്ട് അവർ നിങ്ങളുടെ ആവശ്യങ്ങൾ നിവർത്തിച്ചുതരുന്നു എന്നൊക്കെയണല്ലോ നിങ്ങൾ പറയുന്നത്. അവർ നിങ്ങളുടെ നേർച്ചകളും നിവേദ്യങ്ങളും സ്വീകരിക്കുന്നതായും പറയുന്നു. നിങ്ങൾക്ക് നേരിട്ട് കാണാനും സംസാരിക്കാനും കഴിയുന്ന ദൈവങ്ങൾക്ക് തീർച്ചയായും നിങ്ങളോടും നേരിട്ടു സംസാരിക്കാൻ കഴിയണം. അതുകൊണ്ട് എന്താണ് സംഭവിച്ചതെന്ന് അവർ തന്നെ നിങ്ങളെ കേൾപ്പിക്കട്ടെ.' ഇബ്റാഹീം(അ)ന്റെ മറുപടി ജനനായകന്മാരെ, തോൽവി സമ്മതിക്കുകയല്ലാതെ ഗത്യന്തരമില്ലാത്ത ഒരവസ്ഥയിലെത്തിച്ചു കളഞ്ഞു. 'ഇവ സംസാരിക്കുകയില്ലെന്ന് നിനക്കുതന്നെ അറിയാമല്ലോ' എന്നു തുറന്നുപറയാൻ അവർ നിർബന്ധിതരായി. 'നിങ്ങളുടെയും ഈ ആരാധ്യരുടെയും കാര്യം എത്ര ലജ്ജാവഹം! നിങ്ങൾ തീരെ ബുദ്ധി ഉപയോഗിക്കുന്നില്ലേ' എന്നുപറയാൻ ഇബ്റാഹീം നബിക്ക് അവസരം ലഭിക്കുകയും ചെയ്തു. അല്ല, ഈ മഹാദേവനാണ് അത് ചെയ്തത്-بَلْ فَعَلَهُۥ كَبِيرُهُمْ-എന്ന ഇബ്റാഹീം നബിയുടെ പ്രസ്താവന വിഗ്രഹാരാധനയുടെ അർഥശൂന്യത തുറന്നുകാണിക്കുന്നുവെന്നതും ശ്രദ്ധേയമാകുന്നു. ഈ പ്രപഞ്ചത്തിൽ പല ദൈവങ്ങൾ വാഴുന്നുണ്ടെങ്കിൽ അവരിലെ മുഖ്യദൈവം തന്റെ അധികാരാവകാശങ്ങളിൽ മറ്റുള്ളവരുടെ പങ്കാളിത്തം സമ്മതിച്ചു കൊടുക്കാൻ ഇഷ്ടപ്പെടുകയില്ല. അഥവാ ഏതെങ്കിലും താൽക്കാലിക താൽപര്യത്തിനുവേണ്ടി അത് ഇഷ്ടപ്പെട്ടുവെന്ന് സങ്കൽപിച്ചാൽ തന്നെ എന്നെങ്കിലുമൊരു നാൾ അവൻ അപ്രീതനായി അവരെയെല്ലാം തകർത്തുകളയാതിരിക്കുകയില്ല. ഇബ്റാഹീം(അ) തന്റെ ചെയ്തിയിലൂടെ ഈ യാഥാർഥ്യം ചിത്രീകരിക്കുകയായിരുന്നു. ജനനായകന്മാർ അതു മനസ്സിലാക്കുകയും ചെയ്തുവെന്ന് അടുത്ത സൂക്തം സൂചിപ്പിക്കുന്നു. പ്രതിയോഗികളെ ഉത്തരം മുട്ടിക്കുകയും കളിയാക്കുകയും ചെയ്യുന്ന യുക്തിബദ്ധമായ ന്യായമാണ് അദ്ദേഹം ഉന്നയിച്ചത്.

ഈ വിഷയകമായി ബന്ധപ്പെട്ട് സുപ്രധാനമായ ചില ചോദ്യങ്ങൾ ഉയർന്നുവരുന്നുണ്ട്. 1) ഇബ്റാഹീം(അ) ബഹുദൈവ വിശ്വാസികളുടെ വിഗ്രഹങ്ങൾ തച്ചുടച്ചത് ന്യായമാണോ? അത് വിശ്വാസ സ്വാതന്ത്ര്യത്തിന്റെ നിഷേധവും മതപരമായ ബലാൽക്കാരവുമല്ലേ? കറകളഞ്ഞ ഏകദൈവ വിശ്വാസിയെ സംബന്ധിച്ചേടത്തോളം, ആരാധിക്കപ്പെടുന്ന വിഗ്രഹങ്ങളെല്ലാം മിഥ്യയാണ്. അവക്ക് ദൈവികമിരിക്കട്ടെ മാനുഷികമായ ശക്തി-അധികാരങ്ങൾ പോലുമില്ല. അതുകൊണ്ട് അവ നശിപ്പിക്കപ്പെടുന്നത് അന്യായമോ ആപൽക്കരമോ ആകുന്നില്ല. പിന്നെ വിശ്വസിക്കാനും ആരാധിക്കാനുമുള്ള സ്വാതന്ത്ര്യം. അസത്യങ്ങളിൽ വിശ്വസിക്കാനും മിഥ്യകളെ പൂജിക്കാനുമുള്ള സ്വാതന്ത്ര്യവും കൂടി അതിലുൾപ്പെടുന്നു. ഈ സ്വാതന്ത്ര്യത്തെ ഇബ്റാഹീം(അ) നിഷേധിക്കുകയോ ബലാൽക്കാരം തടയുകയോ ചെയ്തിട്ടില്ല. അതിനുള്ള സാഹചര്യവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഒരാൾക്ക് ഒരു കാര്യം സത്യമെന്നു വിശ്വസിക്കാനുള്ള അത്രതന്നെ സ്വാതന്ത്ര്യം മറ്റൊരാൾക്ക് അക്കാര്യം അസത്യമാണെന്നു വിശ്വസിക്കാനും ആ വിശ്വാസം സമർഥിക്കാനും ഉണ്ട്. ഈ സ്വാതന്ത്ര്യം ഉപയോഗപ്പെടുത്തുകയാണ് ഇബ്റാഹീം(അ) ചെയ്തത്. ഇത് ആരാധനാ സ്വാതന്ത്ര്യത്തിന്റെ നിഷേധമോ ബലാൽക്കാരമോ ആകുന്നില്ല. അറിവിലും ആശയങ്ങളിലുമുള്ള പുരോഗതിയുടെ അനിവാര്യതയാണ് നിലവിലുള്ളതിനെ ചോദ്യം ചെയ്യൽ. കേരളത്തിലെ ശബരിമലയിൽ മണ്ഡലപൂജയുടെ സമാപനത്തിൽ പൊന്നമ്പലമേട്ടിൽ മകരവിളക്ക് തെളിയുക എന്നൊരു വിശ്വാസമുണ്ടല്ലോ. അന്നു സന്ധ്യാസമയത്ത് അയ്യപ്പ ക്ഷേത്രത്തിൽനിന്ന് ഏതാനും കി. മീറ്റർ അകലെയുള്ള വനത്തിനുള്ളിൽ ഒരു വിളക്കു തെളിയുന്നു. ദൈവം പ്രകാശിപ്പിക്കുന്ന പവിത്രദീപമാണെന്നാണ് വിശ്വാസം. ഭക്തജനങ്ങൾ അതു ദർശിച്ച് പുണ്യം നേടാനും സായൂജ്യമടയാനും തിരക്കുകൂട്ടുന്നു. ആ തിരക്കിൽപെട്ട് പലപ്പോഴും ധാരാളം പേർ മരിക്കാറുമുണ്ട്. ഏതാനും വർഷം മുമ്പ് കുറെ യുക്തിവാദികൾ ഈ വിശ്വാസം കേവലം മിഥ്യയാണെന്ന് വാദിച്ചു. അവർ നിർജനമായ വനത്തിനുള്ളിൽ കടന്ന് ചെന്ന് ഈ വിളക്ക് മനുഷ്യർ കത്തിക്കുന്നതാണെന്ന് കണ്ടെത്തുകയും അക്കാര്യം ലോകത്തെ അറിയിക്കുകയും ചെയ്തു. യുക്തിവാദികളുടെ ഈ നടപടി അയ്യപ്പ ഭക്തരുടെ വിശ്വാസ സ്വാതന്ത്ര്യത്തിന്റെ നിഷേധമോ മകര വിളക്കിന്റെ ബലാൽക്കാരമുള്ള നശീകരണമോ ആയി കണക്കാക്കപ്പെടുകയില്ലല്ലോ. ഇതുപോലെ വിഗ്രഹാരാധന മിഥ്യയാണെന്ന് ബോധ്യപ്പെടുത്താൻ ഇബ്റാഹീം(അ) സ്വീകരിച്ച ഒരു മാർഗമായിരുന്നു വിഗ്രഹഭഞ്ജനം. തൊട്ടടുത്ത സൂക്തം പറയുന്നതനുസരിച്ച് അദ്ദേഹത്തിന്റെ ലക്ഷ്യം നിറവേറുകയും ചെയ്തു; പിന്നീട് ജനം അവരുടെ ബോധ്യത്തെ അട്ടിമറിച്ചുവെങ്കിലും. പൂർവ പിതാക്കൾ ആചരിച്ചുവെന്നത് ഒരാചാരത്തിന്റെ ബുദ്ധിപരമായ ന്യായമല്ല എന്ന് പ്രത്യക്ഷമായി തെളിയിച്ചുകൊടുക്കുകയായിരുന്നു ഇബ്റാഹീം(അ). ഒരു കാര്യം ബുദ്ധിപരമായി ശരിയല്ല എന്നു തെളിയുമ്പോൾ അതംഗീകരിക്കുകയാണ് സാധാരണ മനുഷ്യർ ചെയ്യുക. ഇബ്റാഹീ(അ)മിന്റെ നാട്ടുകാർ ആദ്യം ചെയ്തതും അതാണ്. വിഗ്രഹമതങ്ങൾക്ക് ബുദ്ധിപരമായി നിലനിൽപ്പില്ലാത്തതിനാൽ ജനക്കൂട്ടത്തിന്റെ വികാരത്തെ കൂട്ടുപിടിക്കുകയാണ് നിക്ഷിപ്ത താൽപര്യക്കാരായ നേതാക്കളും പുരോഹിതന്മാരും ചെയ്യുക. ഇതു സംബന്ധിച്ച സൂചന 68-ാം സൂക്തത്തിൽ വരുന്നുണ്ട്.

ഇബ്റാഹീം നബിയുടെ വിഗ്രഹഭഞ്ജനം അന്യമതസ്ഥരുടെ ആരാധ്യവസ്തുക്കൾ നശിപ്പിക്കാൻ മുസ്‌ലിംകൾക്ക് അനുവാദം നൽകുന്നുണ്ടോ എന്നതാണ് മറ്റൊരു ചോദ്യം. ഇബ്റാഹീം നബിയുടെ നടപടി ഒരു പൊതുനിയമമായിരുന്നില്ല, അല്ലാഹു അദ്ദേഹത്തിനു നൽകിയ ഒരു പ്രത്യേക നിർദേശമായിരുന്നു എന്നാണ് കരുതേണ്ടത്. ഈ സംഭവത്തിനുശേഷം അദ്ദേഹം നിരവധി നാടുകളിൽ സഞ്ചരിച്ചിട്ടുണ്ട്. എവിടെയും വിഗ്രഹഭഞ്ജനം നടത്തിയതായിക്കാണുന്നില്ല. തന്റെ സന്തതികളെ അതുപദേശിച്ചതായും കാണുന്നില്ല. ഇനി അദ്ദേഹത്തിന്റേത് ഇബ്റാഹീമി ശരീഅത്തിലെ പൊതുകൽപനയായിരുന്നുവെന്ന് സങ്കൽപിച്ചാൽ പോലും മുഹമ്മദീയ സമുദായത്തിന് അതു ബോധകമല്ല. അവർക്ക് മുഹമ്മദീയ ശരീഅത്തുണ്ട്. മറ്റുള്ളവരുടെ ആരാധ്യവസ്തുക്കളെ മുസ്‌ലിംകൾ ആക്ഷേപിക്കാൻ പോലും പാടില്ല എന്നാണതു കൽപിച്ചിട്ടുള്ളത്. وَلَا تَسُبُّوا۟ ٱلَّذِينَ يَدْعُونَ مِن دُونِ ٱللَّهِ (ബഹുദൈവ വിശ്വാസികൾ അല്ലാഹുവിനെ കൂടാതെ വിളിച്ചു പ്രാർഥിക്കു

ന്നവരെ നിങ്ങൾ ആക്ഷേപിച്ചുകൂടാത്തതാകുന്നു-6:108). മുഹമ്മദ് നബി(സ) മദീനയിലേക്ക് പലായനം ചെയ്യുന്നതുവരെ കഅ്ബയെ ഖിബ്‌ലയാക്കി മസ്ജിദുൽ ഹറാമിലായിരുന്നു ആരാധനകൾ നിർവഹിച്ചിരുന്നത്. കഅ്ബയിൽ അക്കാലത്ത് മുന്നൂറിലേറെ വിഗ്രഹങ്ങളുണ്ടായിരുന്നു. പ്രവാചകൻ അവയൊന്നും ഉടക്കാൻ ശ്രമിച്ചിട്ടില്ല. ഇസ്‌ലാമും കുഫ്‌റും തമ്മിൽ ധാരാളം യുദ്ധങ്ങൾ നടന്നിട്ടുണ്ട്. യുദ്ധവേളകളിൽ അന്യമതസ്ഥരുടെ ആരാധനാലയങ്ങൾ അക്രമിക്കരുതെന്ന് സൈനികർക്ക് പ്രത്യേക നിർദേശം നൽകാറുണ്ടായിരുന്നു. എന്നാൽ മക്കാ വിമോചനത്തിനുശേഷം, കഅ്ബയിലുണ്ടായിരുന്ന വിഗ്രഹങ്ങളെല്ലാം തിരുമേനി നീക്കം ചെയ്യുകയുണ്ടായി. ഇതിനു രണ്ടു കാരണങ്ങളുണ്ട്. ഒന്ന്, ഏകദൈവത്തെ മാത്രം ആരാധിക്കുന്നതിനുവേണ്ടി വിഗ്രഹഭഞ്ജകനായ ഇബ്‌റാഹീം(അ) നിർമിച്ച ദേവാലയമാണ് കഅ്ബ. പിൽക്കാലത്ത് അതിൽ വിഗ്രഹങ്ങളും വിഗ്രഹാരാധനയും അധിനിവേശം ചെയ്യുകയായിരുന്നു. ഈ അധിനിവേശത്തിൽനിന്നു മോചിപ്പിച്ച് അതിനെ നിർമാതാവിന്റെ ലക്ഷ്യത്തിലേക്കു മടക്കുകയാണ് പ്രവാചകൻ ചെയ്തത്. രണ്ട്, പ്രവാചകൻ കഅ്ബയെ വിഗ്രഹങ്ങളിൽനിന്ന് മോചിപ്പിച്ചത് അതിന്റെ പരിചാരകരുടെയും വിഗ്രഹഭക്തന്മാരുടെയും മതസ്വാതന്ത്ര്യത്തെ നിഷേധിച്ചുകൊണ്ടല്ല; മാനിച്ചുകൊണ്ടാണ്. മക്കാ വിമോചനത്തോടെ മക്കയിലും പരിസരത്തുമുള്ള ബഹുദൈവവിശ്വാസികളെല്ലാം ഇസ്‌ലാം സ്വീകരിക്കുകയും ഏകദൈവവിശ്വാസികളായി മാറുകയും ചെയ്തിരുന്നു. ജനങ്ങളുടെ വിശ്വാസ മാറ്റമനുസരിച്ച് കഅ്ബയെയും മാറ്റുകയായിരുന്നു പ്രവാചകൻ. വിമതസ്ഥർ കൂട്ടത്തോടെ ഇസ്‌ലാം സ്വീകരിച്ച പ്രദേശങ്ങളിൽ അവരുടെ ആരാധനാലയങ്ങൾ മസ്ജിദുകളായി മാറുക എന്നത് പിൽക്കാലത്ത് ഇന്ത്യയിലുൾപ്പെടെ ധാരാളം സംഭവിച്ചിട്ടുണ്ട്.

ഇസ്‌ലാമിക ദൃഷ്ട്യാ അല്ലാഹുവല്ലാത്ത ആരാധ്യവസ്തുക്കൾ ആദരവും സംരക്ഷണവും അർഹിക്കുന്നത് ഭക്തന്മാർക്ക് അവയോടുള്ള വൈകാരിക ബന്ധവും അവരുടെ വിശ്വാസ സ്വാതന്ത്ര്യവും പരിഗണിച്ചുകൊണ്ടാണ്. അല്ലാതെ, വിഗ്രഹമായാലും ഖബ്‌റായാലും മരമായാലും മലയായാലും സ്വന്തം നിലയിൽ അവക്ക് ദിവ്യത്വമോ പവിത്രതയോ ഉള്ളതുകൊണ്ടല്ല. എന്നാൽ അന്യമതസ്ഥരുടെ മതസ്വാതന്ത്ര്യത്തെ ഹനിക്കുകയും വികാരം വ്രണപ്പെടുത്തുകയും ചെയ്യുന്ന വിധത്തിൽ വിഗ്രഹങ്ങളെ സമീപിക്കുന്നത് ഇസ്‌ലാം വിലക്കിയിരിക്കുന്നു. അത് ഗുരുതരമായ പ്രത്യാഘാതത്തിനിടയാക്കുമെന്നും ഖുർആൻ സൂചിപ്പിക്കുന്നുണ്ട്. فَيَسُبُّوا۟ ٱللَّهَ عَدْوًۢا بِغَيْرِ عِلْمٍ (അവർ അറിവില്ലാതെ അക്രമാസക്തരായി അല്ലാഹുവിനെ ആക്ഷേപിക്കാനിടയാക്കും-6:108).

ഇബ്‌റാഹീം(അ) വിഗ്രഹഭഞ്ജനത്തിന്റെ ഉത്തരവാദിത്തം നിഷേധിക്കുകയും അത് പെരിയ വിഗ്രഹത്തിൽ ആരോപിക്കുകയും ചെയ്തത് അസത്യമല്ലേ, പ്രവാചകൻ കള്ളം പറയാമോ എന്നതാണ് ഇനിയൊരു ചോദ്യം. പണ്ഡിതന്മാർ ഇതിനു പല വിശദീകരണങ്ങളാണ് നൽകിയിട്ടുള്ളത്. ഇബ്‌റാഹീം(അ) മൂന്നു കളവുകൾ പറഞ്ഞിട്ടുണ്ട്; അതിലൊന്നാണ് ഇത് എന്നാണൊരു വിശദീകരണം. ആളുകൾ മേളക്ക് പോകാൻ വിളിച്ചപ്പോൾ 'എനിക്കു സുഖമില്ല' എന്നുപറഞ്ഞതായിരുന്നു ആദ്യത്തേത്. രണ്ടാമത്തേത് വിഗ്രഹങ്ങൾ വെട്ടിവീഴ്ത്തിയത് താനല്ല എന്നു പറഞ്ഞത്. ഈജിപ്തിലെ രാജാവിനോട് ഭാര്യ സാറയെക്കുറിച്ച് അവളെന്റെ പെങ്ങളാണ് എന്നുപറഞ്ഞതാണ് മൂന്നാമത്തേത്. ഈ മൂന്നു കളവുകളും അല്ലാഹു അദ്ദേഹത്തിനു അനുവദിച്ചു കൊടുത്തതായിരുന്നു. അതിനാൽ അത് അദ്ദേഹത്തിന്റെ പാപമായി എണ്ണപ്പെടാവതല്ല. ഇതിനാധാരമായി ഒരു ഹദീസ് ഉദ്ധരിക്കപ്പെടുന്നുണ്ട്. മറ്റൊരു വിശദീകരണം ഇപ്രകാരമാണ്: ഹദീസിൽ ഉപയോഗിച്ച كذب ന് കള്ളം എന്നപോലെ അബദ്ധം എന്നും ഗൂഢാർഥ വചനം (تورية) എന്നും അർഥമുണ്ട്. കേൾവിക്കാരനെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ സംസാരിക്കുകയാണ് تورية. സന്ദർഭം ആവശ്യപ്പെടുമ്പോൾ ഇങ്ങനെ സംസാരിക്കുന്നത് അനുവദനീയമാണ്. ഒരു ഉദാഹരണം: നിങ്ങളുടെ കൈയിൽ ധാരാളം പണമുണ്ട്. ഒരു സ്നേഹിതൻ കുറെ പണം ആവശ്യപ്പെടുന്നു. അയാൾക്ക് പണം കൊടുക്കാൻ നിങ്ങൾ ഇഷ്ടപ്പെടുന്നില്ല. നിങ്ങൾ അയാളോടു പറയുന്നു: എനിക്ക് ഇന്നയാളിൽ നിന്ന് കുറെ പണം കിട്ടാനുണ്ടായിരുന്നു-അതു കിട്ടിയാൽ നിങ്ങൾക്ക് തരാമായിരുന്നു. പക്ഷേ കിട്ടിയിട്ടില്ല. ഇതുകേട്ട് ആഗതൻ നിങ്ങളുടെ കൈയിൽ ഇപ്പോൾ പണമില്ലെന്ന് കരുതി തിരിച്ചുപോകുന്നു. നിങ്ങൾ 'ഇല്ല' എന്ന കളവുപറയുന്നതിൽ നിന്നും 'തരില്ല' എന്നുപറഞ്ഞ് അയാളെ മുഷിപ്പിക്കുന്നതിൽ നിന്നും രക്ഷപ്പെടുന്നു. ഇബ്‌റാഹീം നബിയുടെ ഇത്തരം പ്രയോഗങ്ങളെയാണ് كذب എന്നു വ്യവഹരിച്ചിരിക്കുന്നത്.

കൂടുതൽ യുക്തിസഹവും പ്രബലവുമായ വിശദീകരണം ഇതാണ്: പ്രവാചകന്മാർ കളവു പറയുകയില്ല. കാരണം അവർ പ്രബോധനം ചെയ്യുന്ന ദീനിന്റെ ആധികാരികത അവരുടെ സത്യസന്ധതയെ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ട് പ്രവാചകന്മാരിൽ കള്ളം ആരോപിക്കുന്ന ഹദീസ്, നിവേദന പരമ്പര കൊണ്ട് പ്രബലമാണെങ്കിൽ പോലും ആശയം കൊണ്ട് ദുർബലവും അസ്വീകാര്യവുമാണ്. സാറയെ സഹോദരി എന്നുപറഞ്ഞ കാര്യം ഖുർആൻ പരാമർശിക്കുന്നില്ല. അതു സംബന്ധിച്ച ഹദീസ് അസ്വീകാര്യമായതിനാൽ അത് ചർച്ച ചെയ്യേണ്ടതില്ല. മേളക്കു വിളിച്ചപ്പോൾ 'സുഖമില്ല' എന്നുപറഞ്ഞ കളവിന്റെ യാഥാർഥ്യം നാം നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്.

വിഗ്രഹഭഞ്ജനത്തെക്കുറിച്ച് അവരിൽ പെരിയവനാണ് അത് ചെയ്തത് بَلْ فَعَلَهُۥ كَبِيرُهُمْ എന്ന ഇബ്‌റാഹീം നബിയുടെ പ്രസ്താവനയെ ഒരു കള്ളമായോ നുണ പറഞ്ഞു രക്ഷപ്പെടാനുള്ള ശ്രമമായോ അതിന്റെ മുമ്പും പിമ്പുമുള്ള വചനങ്ങൾ ശ്രദ്ധിച്ചുവായിക്കുന്നവർക്ക് തോന്നുകയില്ല. വിഗ്രഹങ്ങൾ ഉപകാരമോ അപകാരമോ ചെയ്യാൻ കഴിവില്ലാത്തവരാണെന്നും നിങ്ങളും പൂർവികരും ആരാധിച്ചുവരുന്ന ഈ വ്യാജദൈവങ്ങൾ എന്റെ ശത്രുക്കളാണെന്നും നിങ്ങളും പൂർവികരും വ്യക്തമായ വഴികേടിലാണെന്നും ഒക്കെയാണ് ആദ്യം പറഞ്ഞത്. ഇവയുടെ ശക്തിഹീനതയും നിസ്സഹായതയും ഒരു തന്ത്രത്തിലൂടെ ഞാൻ നിങ്ങളെ ബോധ്യപ്പെടുത്താൻ പോകുന്നുവെന്ന് മുന്നറിയിപ്പു നൽകുകയും ചെയ്തു. അതിനുശേഷമാണദ്ദേഹം വിഗ്രഹങ്ങളുടെമേൽ കൈവച്ചത്. അതെപ്പറ്റി അന്വേഷിച്ചവരോട് അക്രമി പെരിയ വിഗ്രഹമായിരിക്കുമെന്നും സംസാരിക്കുമെങ്കിൽ അവരോടു തന്നെ ചോദിച്ചുനോക്കൂ എന്നും പറയുമ്പോൾ കാര്യം വ്യക്തമാണ്. സ്വന്തം ആശയം പ്രതിയോഗിയുടെ ഹൃദയത്തിൽ ആഞ്ഞുപതിപ്പിക്കുന്ന ഒരു താർക്കിക ശൈലിയാണത്. ഒപ്പം കുറിക്ക്കൊള്ളുന്ന ഫലിതോക്തിയും. ഇബ്‌റാഹീം നബിയുടെ പ്രതിയോഗികളിൽ അത് ആഞ്ഞുതറച്ചുവെന്ന് അവരുടെ പ്രതികരണത്തിൽ തെളിഞ്ഞുകാണാം. ■